






Printed and published by
Director, Malayalam Mission
Department of Cultural Affairs, Government of Kerala
Printed at KBPS, Kochi

കേരള സർക്കാർ

# കണിക്കൊന്ന

## സർട്ടിഫിക്കറ്റ് കോഴ്സ്

2



MALAYALAM MISSION
മലയാളം മിഷൻ




# കണിക്കൊന്ന

## സർട്ടിഫിക്കറ്റ് കോഴ്സ്

ഭാഗം 2

സാംസ്കാരികകാര്യ വകുപ്പ്
കേരള സർക്കാർ
2020









**കണിക്കൊന്ന**

പ്രവാസിമലയാളികൾക്കുള്ള
സർട്ടിഫിക്കറ്റ് കോഴ്സ് പാഠപുസ്തകം (ഭാഗം 2)

**മലയാളം**

ഒക്ടോബർ 2020 : ആദ്യപ്രസിദ്ധീകരണം (പരിഷ്കരിച്ചത്)

തയാറാക്കിയത് : മലയാളം മിഷൻ റിസോഴ്സ് ഗ്രൂപ്പ്

ലേ-ഔട്ട് : അജയ്ലാൽ പി.പി.

അച്ചടി : കേരളാ ബുക്സ് & പബ്ലിക്കേഷൻസ്
സൊസൈറ്റി, കാക്കനാട്, കൊച്ചി

കോപ്പി - 5000 (സൗജന്യ വിതരണത്തിന്)

©
മലയാളം മിഷൻ
സാംസ്കാരികകാര്യ വകുപ്പ്, കേരള സർക്കാർ

# ഇതളുകൾ




1

പൂരം പൊടിപൂരം .... 4



2

ഓണം പൊന്നോണം .... 20



3

സ്വാതന്ത്ര്യം തന്നെ അമൃതം .... 38

4

ക്രിസ്മസ് രാത്രിയിൽ .... 56




## ഇതൾ 1

# പൂരം പൊടിപൂരം




5

കൊട്ടു കേട്ടാണ് കുഞ്ചു ഉണർന്നത്
അവൻ ചാടിയെഴുന്നേറ്റു
ഒറ്റയോട്ടത്തിന് ഉമ്മറത്തെത്തി.
പഞ്ചാര മണൽ വിരിച്ച മുറ്റം.
മുറ്റത്ത് പൂതനും കൊട്ടുകാരനും കുഴൽവിളിക്കാരനും.
കൊട്ടിന്റെയും കുഴൽവിളിയുടെയും മേളം.
പൂതൻ ആടി തിമർക്കുന്നു.
കോലായിൽ നിലവിളക്കും നിറപറയും.
ചുറ്റും കുടുംബാംഗങ്ങൾ
കുഞ്ചു കൊട്ടിനൊപ്പം താളം പിടിച്ചു.



നാട്ടിൻപുറത്തെ ഒരു ഉത്സവക്കാഴ്ചയാണിത്.
നിങ്ങൾ നാട്ടിൽവെച്ച് കണ്ട ഉത്സവത്തെക്കുറിച്ച് പറയാമോ?



- പൂതം എന്തിനാണ് വീടുതോറും കയറിയിറങ്ങുന്നത്. അതൊരു കഥയാണ്. ടീച്ചർ ആ കഥ പറഞ്ഞുതരും. കേൾക്കൂ.

## പാടി രസിക്കാം

കേട്ടിട്ടില്ലേ തുടികൊട്ടും
കലർന്നോട്ടു ചിലമ്പിൻ കലമ്പലുകൾ
അയ്യയ്യാ വരവമ്പിളിപ്പൂങ്കല
മെയ്യിലണിഞ്ഞ കരിംപൂതം
കാതിൽ പിച്ചളത്തോട
കഴുത്തിൽ കലപിലപാടും പണ്ടങ്ങൾ
അരികിലലുക്കണി ചായക്കിരീടം
തലയിലണിഞ്ഞ കരിംപൂതം.

.....................................................

.....................................................

*(ഇടശ്ശേരിയുടെ
പൂതപ്പാട്ടിൽനിന്ന്)*



നിങ്ങൾക്കറിയാവുന്ന
ഉത്സവങ്ങളുടെ പേരെഴുതു.

| | |
|---|---|
| ഓണം | |
| | |
| | |
| | |



“ഇന്നല്ലേ കാവിലെ ഉത്സവം
വേഗം ഒരുങ്ങിക്കോളൂ”
അച്ഛൻ പറഞ്ഞു.
അമ്മയും വത്സലയും
ഉത്സാഹത്തോടെ പുറപ്പെട്ടു.

### വായിക്കാം എഴുതാം

| | | |
|---|---|---|
| ഉത്സവം | ഉത്സാഹം | ചികി........ |
| മത്സ്യം | വത്സല | മ...........രം |

## ഞാൻ കണ്ട ഉത്സവം



ഇന്നലെ അമ്മയുടെ കൂടെ കാളവേല കാണാൻ പോയി. നിറയെ ആളുകൾ. എങ്ങും ദീപക്കാഴ്ചകൾ. എത്രയെത്ര കെട്ടുകാളകൾ. നാൽപ്പത്തിമൂന്ന് വരെ ഞാൻ എണ്ണി. പിന്നെ എണ്ണം തെറ്റി. തിരിച്ചു വരുമ്പോൾ ബലൂൺ വാങ്ങി. ഈത്തപ്പഴം വാങ്ങാൻ അമ്മ സമ്മതിച്ചില്ല. തുറന്നുവച്ച തൊന്നും കഴിക്കാൻ പാടില്ലത്രെ. ശരിയാണ്. ചുറ്റും നിറയെ പൊടിയാണല്ലോ.



## പ്രാദേശിക കലകൾ പരിചയപ്പെടാം



തെയ്യം



പടയണി



കുമ്മാട്ടി



കോൽക്കളി



ദഫ്മുട്ട്



മാർഗംകളി

## കുമ്മാട്ടിപ്പാട്ട്

കുണ്ടൻ കിണറ്റിൽ കുറുവടി പോയാൽ
കുമ്പിട്ടെടുക്കും കുമ്മാട്ടി
പൊക്കത്തിലുള്ളൊരു വാളൻ പുളിങ്ങ
എത്തിച്ച് പൊട്ടിക്കും കുമ്മാട്ടി
ആറപ്പേ...... ആറപ്പേ
കുമ്മാട്ടി വരുന്നുണ്ടേ......



**വായിക്കാം**

# ഞ്ച

| | |
|---|---|
| കുഞ്ചു | സഞ്ചി |
| വഞ്ചി | മഞ്ചാടി |
| ഇഞ്ചി | പഞ്ചസാര |

ചിഞ്ചു സഞ്ചി എടുത്തു.
പഞ്ചസാര വാങ്ങി



## എനിക്ക് കഴിയും

### അനുയോജ്യമായ അക്ഷരം ചേർത്ത് പാടാം

ച

പ്പ




......... ക്കേടെ മടലും

......... ങ്കുണ്ണ്യാരും

കോഴീടെ പൂവും

പെപ്പപ്പേ

പെ......പ്പേ പെ......രപ്പേ



## വാക്യം പറയാം, പൂരിപ്പിക്കാം

| | | |
|---|---|---|
| ബലൂൺ | ഊതി | നിറച്ചു |
| ഇല | ഊതി | ............................ |
| കടലാസ് | ............................ | ............................ |



## ചായകൾ പലതരം

ചായ


കട്ടൻ ചായ

....................................... .......................................


....................................... .......................................



ഹൗ കാലുപൊള്ളുന്നു. ടാറിട്ട റോഡിലൂടെ നടന്നു പോകുന്ന കുട്ടിക്കൊമ്പൻ വേഗം വേഗം നടക്കാൻ തുടങ്ങി. കാട്ടിലാണെങ്കിൽ എന്തുരസമായിരിക്കും. വയറുനിറയെ ഈറ്റ തിന്ന് കാട്ടരുവിയിലെ തണുത്ത വെള്ളം കുടിച്ച്... ഓർക്കുമ്പോൾ കരച്ചിൽ വരുന്നു.



എന്തിനാണ് എന്നെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്. കാട്ടിലേക്കുതന്നെ വിട്ടൂടെ. അമ്മയും കൂട്ടുകാരുമെല്ലാം അവിടെയല്ലേ. കുട്ടിക്കൊമ്പന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. പെട്ടെന്ന് പുറത്ത് ഊക്കിലൊരു അടി വീണു. പാപ്പാനാണ്. വേദന സഹിച്ച് കുട്ടിക്കൊമ്പൻ ഉത്സവപ്പറമ്പിലേക്ക് നടന്നു.



### പാടാം രസിക്കാം

ആ വരുന്നതൊരാന
ഈ വരുന്നതൊരീച്ച
ആനയുമീച്ചയുമങ്ങനെയങ്ങനെ
അടുത്തടുത്തു വരുന്നു
ആനയ്ക്കുണ്ടോ പേടി
ഈച്ചയ്ക്കുണ്ടോ പേടി
രണ്ടിനുമില്ലൊരു പേടി
ആന താഴെ പോയ്
ഈച്ച മേലെ പോയ്

– *കുഞ്ഞുണ്ണി*


## ഇതൾ 2

# ഓണം പൊന്നോണം

"അഭി വിളിച്ചിരുന്നു" മുത്തശ്ശി പറഞ്ഞു.

"ഡൽഹിയിൽ എന്താ വിശേഷം"
മുത്തശ്ശൻ ചോദിച്ചു.

"ഇത്തവണ അവിടെ ഓണാഘോഷം
കേമമാണത്രെ. നമ്മളോട് ചെല്ലാൻ പറഞ്ഞു"



“ഈ പശുവിനെയും കോഴിയേയും ആരുനോക്കും” മുത്തശ്ശൻ.

“ദേവകിയെ ഏൽപ്പിക്കാം” മുത്തശ്ശി പറഞ്ഞു.

“എങ്കിൽ ഇത്തവണ ഓണം ഡൽഹിയിൽ തന്നെ” മുത്തശ്ശൻ

**മുത്തശ്ശനും മുത്തശ്ശിയുമായി അഭിനയിച്ച് പറയൂ.**





അഭി ഫോണിൽ അയച്ച
ക്ഷണക്കത്ത് മുത്തശ്ശി
മുത്തശ്ശന് കാണിച്ചുകൊടുത്തു.



പ്രിയമുള്ളവരെ,

ഡൽഹിയിലെ വികാസ്പുരിയിൽ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ വിപുലമായി നടത്താൻ തീരുമാനിച്ചിരിക്കുന്നു. പൂക്കള മത്സരം, തിരുവാതിരക്കളി, നാടൻ കളികൾ, ഓണസദ്യ എന്നിങ്ങനെ വിവിധ പരിപാടികളോടെ നടക്കുന്നു. ഏവരേയും സ്നേഹപൂർവം ക്ഷണിക്കുന്നു.

എന്ന്,

ആഘോഷക്കമ്മിറ്റി

തീവണ്ടിയിൽ ഇരുന്ന് മുത്തശ്ശി പാട്ടുമൂളി

## ഓണപ്പാട്ട്

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
ആധികൾ വ്യാധികൾ ഒന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല.
കള്ളവുമില്ല, ചതിയുമില്ല
എള്ളോളമില്ല പൊളിവചനം

..................................................



അഭിയും അച്ഛനും റെയിൽവേ സ്റ്റേഷനിൽ എത്തിയിരുന്നു. മുത്തശ്ശനെയും മുത്തശ്ശിയെയും അഭി കെട്ടിപ്പിടിച്ചു.

24

വർ

വൈകുന്നേരം ആയപ്പോൾ മൈതാനത്ത് എല്ലാവരും ഒത്തുകൂടി. വർണശബളമായ ഘോഷയാത്ര തുടങ്ങി.



കുട്ടികൾ മുന്നിൽ നിരന്നു. കൈയിൽ മുത്തുക്കുടകളും കൊടിക്കൂറകളും. കുട്ടികൾക്കു പുറകിൽ പുലിവേഷക്കാർ. മാവേലി വേഷം കെട്ടിയത് അഭിയുടെ അച്ഛനായിരുന്നു.




ശിങ്കാരി മേളത്തിന്റെ അകമ്പടിയോടെ ഘോഷയാത്ര നീങ്ങി.

**ഘോഷയാത്രയിൽ എന്തൊക്കെ? പറയാമോ?**



**മുത്തുക്കുടയ്ക്ക് നിറം നൽകൂ.**



ഘോഷയാത്ര കഴിഞ്ഞു.
കലാപരിപാടികൾ ആരംഭിച്ചു.
മുത്തശ്ശാ... മുത്തശ്ശാ... ഒരു നാടൻപാട്ട്...
അഭി മൈക്കിലൂടെ വിളിച്ചു പറഞ്ഞു.
മുത്തശ്ശൻ സമ്മതിച്ചു.



തിരുവാതിരക്കളി തുടങ്ങാം.
സ്ത്രീകൾ മുത്തശ്ശിയുടെ ചുറ്റും കൂടി.

“മുത്തശ്ശി നന്നായി തിരുവാതിര കളിക്കും”
അഭിയുടെ അമ്മ പറഞ്ഞു.



കളിക്കാർ നിലവിളക്കിന് ചുറ്റും നിന്നു.

മുത്തശ്ശി പാട്ടുപാടി.

കളിക്കാർ ചുവടുവെച്ചു.





## തിരുവാതിരപ്പാട്ടു പാടാം

അമ്പാടി തന്നിലൊരുണ്ണിക്കിടാവായ്
അൻപോടെ കണ്ണൻ വളരും കാലം
അന്നൊരു നാളുണ്ണിക്കണ്ണൻ പതുക്കവെ
അമ്മ മടിയിൽ ചെന്നു ചൊന്നാൽ

**ഓണവുമായി ബന്ധപ്പെട്ട സിനിമാ ഗാനങ്ങൾ ശേഖരിക്കൂ.**
**പാടി അവതരിപ്പിക്കൂ**

## കഥ പൂർത്തിയാക്കാം

അന്ന് ഞായറാഴ്ച ആയിരുന്നു. ഞങ്ങൾ ഞാവൽ മരത്തണലിൽ ഒത്തുകൂടി. ഇടവഴിയിൽനിന്നും ഒരു ഞരക്കം. ഞാൻ ചെന്നു നോക്കി.

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................



## ഓണം ചേർന്നുവരുന്ന പദങ്ങൾ എഴുതൂ

- ഓണക്കോടി
- ..............................................................
- ..............................................................
- ..............................................................

## ഓണപ്പാട്ടുകൾ ശേഖരിച്ച് പതിപ്പ് തയാറാക്കൂ

### ഓണച്ചൊല്ലുകൾ

- കാണം വിറ്റും ഓണം ഉണ്ണണം
- ..............................................................
- ..............................................................

## വായിക്കാം, എഴുതാം

# ‘ഘ’

| | | |
|---|---|---|
| ആഘോഷം | രാഘവൻ | ................................... |
| ഘോഷയാത്ര | അനഘ | ................................... |

**കൂടുതൽ പദങ്ങൾ ചേർത്ത് വാക്യങ്ങൾ എഴുതൂ.**

അനഘ ഘോഷയാത്ര കാണാൻ പോയി.

.......................................................................................................

.......................................................................................................

## എനിക്ക് കഴിയും

### വായിക്കാം

ബാബുവും ഭവ്യയും പങ്ക ഉണ്ടാക്കി
ഭവ്യ പങ്കച്ചിറകിൽ നിറം തേച്ചു
ബാബു പങ്ക കാറ്റിനു നേരെ പിടിച്ചു
പങ്ക കറങ്ങി
ഹായ്! എന്തു ഭംഗി



### വാക്യങ്ങളെഴുതാം

'പങ്ക' - 'മങ്ക' എന്നീ വാക്കുകൾ ചേർത്ത്
വാക്യങ്ങൾ ഉണ്ടാക്കൂ.

മങ്ക പങ്ക തിരിച്ചു
പങ്ക മങ്കയുടെ തലയിൽ വീണു.


..............................................................................

..............................................................................

## വായിച്ച് രസിക്കാം

### മഷിപ്പൂച്ച

മേശപ്പുറത്ത് മഷിക്കുപ്പി.
നീല മഷി.
പൂച്ച മേശയിൽ കയറി.
മഷിക്കുപ്പി മണത്തു.
മീശയിൽ മഷി.
മീശ തുടച്ചു. മുഖത്ത് മഷി.
ഒറ്റത്തട്ട്. മഷിക്കുപ്പി മറിഞ്ഞു.
പൂച്ച മഷിയിൽ നനഞ്ഞു.
നീല പൂച്ച.








## പാടി രസിക്കാം

### ചിങ്ങം വന്നു

പൊന്നിൻ കതിർക്കുലയേന്തി മെല്ലെ
വന്നുപോയ് വന്നുപോയ് ചിങ്ങമാസം
ചെമ്പൊളിപ്പട്ട് ചരടിൻ തുമ്പിൽ
തുമ്പികൾ പാറി പറമ്പുതോറും
ആനന്ദ മത്തിൽ മതിമറന്നി-
ട്ടാർപ്പുവിളിപ്പൂ പനങ്കിളികൾ












ചെല്ലച്ചെറു കാറ്റിൽ നൃത്തമാടി
മുല്ലയും പിച്ചക വള്ളികളും
എങ്ങുമൊരാഹ്ലാദ കോളിളക്കം
എങ്ങുമൊരാനന്ദ തൂവെളിച്ചം.

*– പി. കുഞ്ഞിരാമൻ നായർ*




**ഓണപ്പാട്ടുകൾ ശേഖരിച്ച് പതിപ്പ് തയാറാക്കൂ.**



**ചിത്രത്തിന് അനുയോജ്യമായ**
**നിറം കൊടുക്കൂ...**







ഡവ്വ

## ഇതൾ 3

# സ്വാതന്ത്ര്യം തന്നെ അമൃതം


നിറപറയും തിരിയും തീയും
പുഞ്ചിരിയും പൂവിളിയും
പ്രിയനാടിന് പൊൻപുലരി
സ്വാതന്ത്ര്യപ്പൊൻ പുലരി

– *എം.എം. സചീന്ദ്രൻ*

ഇന്നാണ് ആഗസ്റ്റ് 15
ഭാരതം സ്വാതന്ത്ര്യം നേടിയ ദിവസം
പാറിക്കളിക്കുന്ന ദേശീയ പതാകകൾ
മധുരം പങ്കുവയ്ക്കുന്നവർ
നാടെങ്ങും ആഘോഷം



## ദേശീയ പതാകയ്ക്ക് നിറം നൽകൂ



സമീറ നേരത്തെ സ്കൂളിൽ എത്തി.
ഇന്ന് സ്വാതന്ത്ര്യദിന ആഘോഷമാണ്.
കുട്ടികളെല്ലാം മൈതാനത്ത് സമ്മേളിച്ചു.
ദേശീയ പതാക ഉയർന്നു.
എല്ലാവരും പതാകയെ വന്ദിച്ചു.



ന്ന



## നോട്ടീസ് ബോർഡ്

### സ്വാതന്ത്ര്യ ദിനാഘോഷം

കാലത്ത്

| | | |
|---|---|---|
| 9 മണി | : | **പതാക ഉയർത്തൽ** |
| 9.30 | : | ദേശഭക്തി ഗാനാലാപനം |
| 10.00 | : | **സ്വാതന്ത്ര്യസമരം ക്വിസ്** |
| 12.00 | : | **പായസവിതരണം** |


ഉച്ചയ്ക്ക്

| | | |
|---|---|---|
| 2 മണി | : | സിനിമാ പ്രദർശനം<br>**'ഗാന്ധി'**<br>സംവിധാനം:<br>**റിച്ചാർഡ് ആറ്റൻബറോ** |
| നന്ദി | : | സ്കൂൾ ലീഡർ |



## ചൊല്ലി രസിക്കാം

ഒരു ജനനായകൻ
ജനമന നായകൻ
ഒന്നിച്ചൊരിന്ത്യയെ
ഉയിരോടു ചേർത്തവൻ
ഒരു കാലവും നമ്മെ
വേർപിരിയാത്തവൻ
മരണമില്ലാത്തവൻ
പകരമില്ലാത്തവൻ





ർ ഫ

## കൗമുദിയുടെ ത്യാഗം



വടകരയിലെ കോട്ടപ്പുറം മൈതാനം. തിങ്ങി നിറഞ്ഞ ആളുകൾ. വേദിയിൽ ഗാന്ധിജി. അദ്ദേഹം ജനങ്ങളോട് സംസാരിക്കുന്നു.

ഗാന്ധിജിയുടെ വാക്കുകൾ കേട്ട ഒരു പെൺകുട്ടി വേദിയിലേക്ക് ഓടിക്കയറി. കാതിലും കഴുത്തിലുമുള്ള ആഭരണങ്ങൾ അഴിച്ചെടുത്ത് ബാപ്പുജിക്ക് സമർപ്പിച്ചു. ആ ബാലികയാണ് പിന്നീട് ഗാന്ധി ശിഷ്യയായി പ്രസിദ്ധയായ കൗമുദി ടീച്ചർ.

## ഉത്തരം പറയാം

കൗമുദീ ടീച്ചർ ഗാന്ധിജിക്ക് എന്താണ് നൽകിയത്?

## വായിക്കാം

| | | |
|---|---|---|
| സ്വാതന്ത്ര്യം | ജ്വാല | സ്വാദ് |
| ത്വക്ക് | സ്വർണം | രാഷ്ട്രം |
| അധ്വാനം | പ്രകാശം | പത്രം |

## വാക്കുകൾ ചേർത്ത് വാചകങ്ങൾ ഉണ്ടാക്കാം

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................



**പാടാം**

ഇന്ത്യയെന്റെ രാജ്യം
എന്റെ സ്വന്ത രാജ്യം
ഇന്ത്യയെന്റെ ജീവനേക്കാൾ
ജീവനായ രാജ്യം

*- ചെമ്മനം ചാക്കോ*

**ദേശഭക്തിഗാനങ്ങൾ ശേഖരിച്ച്
പതിപ്പ് തയാറാക്കൂ.**

നിങ്ങളുടെ പഠനകേന്ദ്രത്തിൽ നടന്ന സ്വാതന്ത്ര്യദിന
പരിപാടിയുടെ പോസ്റ്റർ തയാറാക്കൂ.

## എഴുതാം

- ചേച്ചി എന്നെ കുളിപ്പിക്കേണ്ട
  എനിക്ക് തനിയെ കുളിക്കാനറിയാം

- ചേച്ചി ഭക്ഷണം വാരിത്തരേണ്ട
  എനിക്ക് തനിയെ കഴിക്കാനറിയാം

- ..............................................................................

  ..............................................................................





ർ ന്ന

## ആഭരണമണിയിക്കാം

(ചിഹ്നം ചേർത്ത് എഴുതുക)

ഇ ന്ത

എ ന്റ

ര ജ മ ണ

ഗ ന്ധ ജ

ജനങ്ങ ള ട

സ സ ര ക്ക ന്ന

## 'ൈ' ചിഹ്നം ചേർന്നുവരുന്ന വാക്കുകൾ എടുത്തെഴുതുക





നല്ല മണം.
കൈതച്ചക്ക പഴുത്തു.
മൈന കൈതച്ചെടിയിൽ
പറന്നിരുന്നു.
സൈദലവി കൈവീശി.
മൈന പറന്നുപോയി.
സൈദലവി കൈതച്ചക്ക
പറിച്ചെടുത്തു.
സൈക്കിളിൽ കയറി
മൈതാനത്തിലൂടെ
ഓടിച്ചുപോയി.



- **മൈന**
- ..............................................
- ..............................................
- ..............................................



ർ വ്വ

## കഥ പൂർത്തിയാക്കാം

ഏത്തക്കുല പഴുത്തു.
എലി ഏണി ചാരി.
പൂച്ച അതു കണ്ടു...............

........................................................................................................

........................................................................................................

........................................................................................................

........................................................................................................

........................................................................................................

........................................................................................................

........................................................................................................

........................................................................................





ർ ൻ



## വരികൾ ചേർത്തുപാടാം

ഏലഞ്ചേലഞ്ചോ
ഏലഞ്ചും കൈതോല
എന്തിൻ ചോടാണേ
ഏറ്റിപ്പോകണത്?

എള്ളിൻ ചോടാണേ
ഏറ്റിപ്പോകണത്

ഏലഞ്ചേലഞ്ചോ
ഏലഞ്ചും കൈതോല
എന്തിൻ ചോടാണേ
ഏറ്റിപ്പോകണത്?

തേങ്ങാച്ചോടാണേ
ഏറ്റിപ്പോകണത്

ഏലഞ്ചേലഞ്ചോ
ഏലഞ്ചും കൈതോല
എന്തിൻ ചോടാണേ
ഏറ്റിപ്പോകണത്?






## എനിക്കു കഴിയും

### കടങ്കഥയ്ക്ക് ഉത്തരം പറയാം

എങ്ങും ചുറ്റി നടന്നീടും
ഇലകളിലിക്കിളി കൂട്ടീടും
കൂട്ടിലടയ്ക്കാൻ കിട്ടില്ല
പറയൂ പറയൂ ഞാനാര്?

## എഴുതാം

**ഇന്ത്യയുടെ ദേശീയ പതാകയെക്കുറിച്ച് എഴുതാം.**



.......................................................................

.......................................................................

.......................................................................

.......................................................................

.......................................................................

## വായിച്ചു രസിക്കാം

### സ്വാതന്ത്ര്യം

കീ... കീ.... കീ....
തെങ്ങിൻ ചുവട്ടിൽ നിന്നാണ്
കരച്ചിൽ. സുനന്ദ ഓടിച്ചെന്നു.

അയ്യോ! ഒരു കുഞ്ഞു തത്ത. തെങ്ങിൻ
പൊത്തിൽനിന്ന് താഴെ വീണതാവും.

സുനന്ദ തത്തക്കുഞ്ഞിനെ കൈയിലെടുത്തു.
“ഇതിനെ കൂട്ടിലിട്ട് വളർത്തണം”



ദർ





കൂട്ടിലടച്ച കുഞ്ഞുതത്ത
ഉറക്കെ കരയാൻ തുടങ്ങി.

സുനന്ദ കുഞ്ഞു തത്തയ്ക്ക്
പാലും പഴവും നൽകി.

എന്നിട്ടും തത്ത
കരച്ചിലോട് കരച്ചിൽ.



"അച്ഛാ, ഈ തത്തക്കുഞ്ഞ്
കരച്ചിൽ നിർത്തുന്നില്ല. എന്താ ചെയ്യാ?"

"മോളേ... പറന്നു നടക്കുന്ന കിളിയല്ലേ. അവയെ
കൂട്ടിലടച്ചാലോ. എങ്ങനെ കരയാതിരിക്കും."

"അയ്യോ... അത് ഞാനോർത്തില്ലച്ഛാ.
ഇപ്പോൾത്തന്നെ തുറന്നു വിട്ടേക്കാം."



ഇതൾ 4

# ക്രിസ്മസ് രാത്രിയിൽ

നാളെ ക്രിസ്മസാണ്.

പുറത്തു മഞ്ഞു പെയ്യുന്നു.

നല്ല കുളിര്.

ഐഡ മൂടിപ്പുതച്ചു കിടന്നു.

ഉറക്കത്തിൽ ഐഡ സ്വപ്നം കണ്ടു.







സമ്മാനങ്ങൾ നിറച്ച ഭാണ്ഡവുമായി
സാന്താക്ലോസ് വന്നു.
ചുവന്ന കുപ്പായം
കൂർമ്പൻ തൊപ്പി
വെളുത്ത താടി.



ക്രിസ്മസ് അപ്പൂപ്പന്
നിറം നൽകൂ.





അപ്പൂപ്പന്റെ ഭാണ്ഡത്തിൽ
എന്തൊക്കെ സമ്മാനങ്ങൾ ഉണ്ടായിരിക്കും? പറയൂ. എഴുതൂ.

.............................................  .............................................

.............................................  .............................................

.............................................  .............................................



മാനുകൾ വലിക്കുന്ന വണ്ടി
മുറ്റത്ത് വന്നു നിന്നു
ഐഡയും വീട്ടുകാരും
വണ്ടിയിൽ കയറി
ഐസുമൂടിയ നിരത്തിലൂടെ
വണ്ടി കുതിച്ചുപാഞ്ഞു

വഴിയിൽ കരോൾഗാന സംഘം
ഔതയും ഔസേപ്പും പാടുന്നു
കുട്ടികൾ ഏറ്റുപാടുന്നു.

ജിങ്കിൾ ബെൽ... ജിങ്കിൾ ബെൽ
ജിങ്കിൾ ഓൾ ദ വേ...

വഴിനീളെ നക്ഷത്രവിളക്കുകൾ മിന്നുന്നു.
ഹായ് എത്ര മനോഹരം.




ഐഡ യാത്രയ്ക്കിടയിൽ എന്തെല്ലാം കണ്ടിരിക്കും? എഴുതൂ?

- ഐസു മൂടിയ നിരത്ത്
- ..............................................................................
- ..............................................................................
- ..............................................................................

'ക്രിസ്മസ്' ചേർന്നു വരുന്ന വാക്കുകൾ


ക്രിസ്മസ് ട്രീ


ക്രിസ്മസ് ബെൽ


പപ്പ


കരോൾ


സമ്മാനം

## പറയാം എഴുതാം

സാന്താക്ലോസിനെ കുറിച്ച് എഴുതിയ കാര്യം വായിച്ചില്ലേ. ഇതുപോലെ ഐഡയുടെ ചിത്രം നോക്കി എന്തെല്ലാം കാര്യങ്ങൾ എഴുതാൻ കഴിയും.



ചുരുളൻ മുടി

കൈയിൽ വളകൾ

.............................................

.............................................

.............................................

.............................................

# ക്രിസ്മസ് ചന്തയിൽ വൻ തിരക്ക്



കാഞ്ഞിരക്കുളം: കാഞ്ഞിരക്കുളം മൈതാനത്ത് ആരംഭിച്ച ക്രിസ്മസ് ചന്തയിൽ ഇന്നലെ വൻ തിരക്കാണ് അനുഭവപ്പെട്ടത്. ക്രിസ്മസ് കേക്കുകൾ, നക്ഷത്ര വിളക്കുകൾ, പഴങ്ങൾ, മധുര പലഹാരങ്ങൾ, കഥാപുസ്തകങ്ങൾ എന്നിവയ്ക്ക് നല്ല വിൽപ്പനയുണ്ടായി. നിരവധി സ്ഥാപനങ്ങളുടെ സ്റ്റാളുകൾ ഇതോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്.





കോഴി, താറാവ് തുടങ്ങിയവയുടെ മാംസവിൽപ്പന സ്റ്റാളുകൾ കുടുംബശ്രീയാണ് നടത്തുന്നത്. ക്രിസ്മസ് കാർഡുകൾ, നവവത്സര കാർഡുകൾ, ഡയറികൾ എന്നിവയ്ക്ക് പ്രത്യേക സ്ഥലമൊരുക്കിയിരുന്നു.

മേയർ കുഞ്ഞുമോൻ ചന്ത സന്ദർശിച്ചു. ആരോഗ്യ പ്രവർത്തകർ വിൽപ്പനശാലകളിൽ പരിശോധന നടത്തി. ബുധനാഴ്ചയോടെ ചന്ത സമാപിക്കും.





## കുറിപ്പ് തയാറാക്കുക

ചന്തയിലോ കച്ചവട കേന്ദ്രത്തിലോ പോയതിന്റെ അനുഭവം ഒരു കുറിപ്പായി എഴുതുക

.............................................................................................

.............................................................................................

.............................................................................................

.............................................................................................

.............................................................................................

.............................................................................................

.............................................................................................

.............................................................................................

.............................................................................................

## വായിക്കാം

നക്ഷത്രം ചിത്രം

ഉത്രാടം കത്രിക

പാത്രം വസ്ത്രം

## തന്നിട്ടുള്ള വാക്കുകൾ വച്ച് വാചകങ്ങൾ ഉണ്ടാക്കുക

..........................................................................................

..........................................................................................

..........................................................................................

..........................................................................

.....................................................................

മിത്ര പത്രം വായിച്ചു.
പത്രത്തിൽ ചിത്രം.
കത്രികകൊണ്ട് ചിത്രം മുറിച്ചു.



## കടങ്കഥ പറയാം

ആനകേറാമല, ആളുകേറാമല,
ആയിരം കാന്താരി പൂത്തിറങ്ങി

## പറയാം എഴുതാം

ക്രിസ്മസിനെക്കുറിച്ച് എനിക്കറിയാവുന്നത്.

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................


..........................................................................................



൬൭

## ഒരു വാക്ക് പല രൂപം

**വരും എന്നതിനെ ഏതെല്ലാം രീതിയിൽ മാറ്റിയെഴുതാം.**







### വായിക്കാം

ഗാനം, ഗംഗ, ഗുരു, ഗിരിജ, ഗീതം,

ഗോപുരം, ഗുണം, ഗണിതം

## പാടി രസിക്കാം

പഞ്ഞിയുടുപ്പുമണിഞ്ഞൊരു കുഞ്ഞൻ
മഞ്ഞിലുരുണ്ടു കളിക്കുന്നു
"കുഞ്ഞേ ദേഹം കുളിരില്ലേ?
അരുതേ!"-അമ്മ വിലക്കുന്നു



**'ഞ്ഞ' വരുന്ന വാക്കുകൾ എടുത്തെഴുതുക.**

- മഞ്ഞ്
- 
- 
- 



## വട്ടത്തിലാക്കാം

**താഴെ കാണുന്ന കഥയിൽ 'ഐ' എന്ന അക്ഷരം വരുന്നിടത്ത് ഓരോ വട്ടം വരയ്ക്കൂ.**

ഐഡ രാവിലെ ഐസു

വാരികളിക്കുകയായിരുന്നു.

പെട്ടെന്ന് അവൾക്കൊരു ഐഡിയ തോന്നി.

ഐസുകൊണ്ട് ഒരാനയെ ഉണ്ടാക്കാം.

ഐസുകൊണ്ട് നല്ലൊരു ആനയെ ഉണ്ടാക്കി.

ഐറിൻ അതുകണ്ട് ഓടിവന്നു.

ങേ? ഇതെന്താ ഐരാവതമോ?

## എനിക്കു കഴിയും

### കഥ പൂർത്തിയാക്കാം

മഞ്ഞുമൂടിയ മൈതാനം. ഐഡയും ഡയാനയും മഞ്ഞു വാരി കളിച്ചു. ഡയാന മഞ്ഞുരുട്ടി ഒരു പൂച്ചക്കുഞ്ഞിനെ ഉണ്ടാക്കി. "മ്യാവൂ... മ്യാവൂ..." ഐഡ വിളിച്ചു. പെട്ടെന്ന് അവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് പൂച്ചക്കുഞ്ഞ് കണ്ണു തുറന്നു. വാലിളക്കി. ശബ്ദം ഉണ്ടാക്കി. "മ്യാവൂ... മ്യാവൂ..."

..........................................................................................

..........................................................................................

..........................................................................................


..........................................................................................

..........................................................................................

..........................................................................................

..........................................................................................

# അഭിനയിച്ചു രസിക്കാം



## പാവനാടകം

ഡാലിയ : ക്രിസ്മസിന് നക്ഷത്ര വിളക്ക് വേണ്ടേ?

റോബിൻ : വേണം വേണം.
പുതുമയുള്ളത് വേണം.


ഡാലിയ : ആരും ഇതുവരെ കാണാത്ത
നക്ഷത്രവിളക്ക്.

റോബിൻ : എവിടുന്ന് കിട്ടും? ആരോട് പറയും?

ഡാലിയ : നമുക്ക് മണിപ്രാവിനോട് പറഞ്ഞാലോ?

റോബിൻ : മണിപ്രാവേ..... മണിപ്രാവേ....

*(മണിപ്രാവ് വരുന്നു)*



ഡാലിയ : മണിപ്രാവേ....
മണിപ്രാവേ....
ക്രിസ്മസ് വരാറായി.
ഞങ്ങൾക്ക് ഒരു
നക്ഷത്രവിളക്ക് വേണം.

റോബിൻ : ഇതുവരെ ആരും
കാണാത്ത തരം ആവണം.

ഡാലിയ : പുതുമയുള്ളതാവണം






മണിപ്രാവ് : ഞാനൊന്ന്
ശ്രമിച്ചുനോക്കാം.

*(മണിപ്രാവ് പറന്നു പോകുന്നു)*

ഡാലിയ : മണിപ്രാവ്
നക്ഷത്രവിളക്ക്
കൊണ്ടുവരില്ലേ?



റോബിൻ : ഉറപ്പായും കൊണ്ടുവരും.
അവൾ ഏറ്റാൽ ഏറ്റതാണ്.

*(ചുണ്ടിൽ കൊരുത്തിട്ട നക്ഷത്രവിളക്കുമായി മണിപ്രാവ് എത്തി)*

മണിപ്രാവ് : ഇതു മതിയോ?

റോബിൻ : ഹായ് മനോഹരം

ഡാലിയ : ആരും ഇതുവരെ കാണാത്തത് തന്നെ.
കൂട്ടുകാർ അതിശയിക്കും.

മണിപ്രാവ് : ഇത് മഴവില്ലിന്റെ
വീട്ടിൽനിന്നാണ്.



## ഒന്നായാൽ നന്നായി
## നന്നായാൽ ഒന്നായി

തടിയന്മാരേ
നീളന്മാരേ
ചെറിയവനായ
ഞാൻ തന്നെ
ഏറ്റവും
സുന്ദരൻ.

..............................
..............................
..............................
..............................
..............................

ഏതെങ്കിലും
അറ്റത്തു നിന്ന്
വീമ്പു പറയാതെ.
രാജാവ് ഞാനാണ്.
നിങ്ങളൊക്കെ
കാവൽക്കാരും.

തടി കൂടിയതു
കൊണ്ട് വലിയ
കാര്യമില്ല.
ചൂണ്ടിപ്പറയാൻ
ഞാൻ വേണം.


കുറേ നീളം
കൂടിയതുകൊണ്ട്
എന്തുകാര്യം?
എനിക്കല്ലേ ബലം
കൂടുതൽ!



- വിരലുകളുടെ സംഭാഷണം കേട്ടില്ലേ. ആരാണ് ഇതിൽ ഏറ്റവും കേമൻ?
- ഒന്നിച്ചു നിന്നാലുള്ള കേമത്തം എന്താണ്?

## സ്കൂൾ കലോത്സവം

അംബിക നൃത്തം ചെയ്യുന്നു.
ജലജ പാടുന്നു.



അരവിന്ദ് മൃദംഗം വായിക്കുന്നു.
മുഹമ്മദ് വയലിൻ വായിക്കുന്നു.
സെബാൻ ഹാർമോണിയം വായിക്കുന്നു.

..............................................................................

..............................................................................

..............................................................................

വേറെ എന്തെല്ലാം കാഴ്ചകളാണ്
കലോത്സവത്തിൽ നിങ്ങൾ കണ്ടത്?



## കുട്ടിയും പൂവും

മഞ്ഞുതുള്ളി നെറുകയിൽ ചൂടി
കുഞ്ഞുപൂവൊന്നു മുറ്റത്തു നിന്നു,
പിച്ചവയ്ക്കുന്ന പിഞ്ചുകുഞ്ഞപ്പോൾ
കൊച്ചുപൂവിനെ നോക്കിച്ചിരിച്ചു.

ഉണ്ണിക്കൈകൊണ്ടു മെല്ലെത്തലോടി
ഉമ്മ വെച്ചിതാ പൂവിന്റെ കണ്ണിൽ
പിച്ചിടൊല്ലേ, പറിച്ചെടുക്കല്ലേ
കൊച്ചുപൂവിനെ നോവിച്ചിടല്ലേ.





## കചടതപ

കചടതപ കചടതപ
കുറച്ചെനിക്കേട്ടാ കദളിപ്പഴം

ഖഛഠഥഫ ഖഛഠഥഫ
കയ്ക്കുന്നതനിയാ കദളിപ്പഴം

ഗജഡദബ ഗജഡദബ
കയ്പ്പെനിക്കിഷ്ടമാണേറെയേട്ടാ
ഘഝഢധഭ ഘഝഢധഭ

ലവലേശം കൊടുത്തില്ല കൊതിയനേട്ടൻ
ങഞണനമ ങഞണനമ
കിണുകിണുകിണുങ്ങി കുഞ്ഞനിയൻ

*- കുഞ്ഞുണ്ണിമാഷ്*





# ദേശീയഗാനം

ജന-ഗണ-മന അധിനായക ജയഹേ
ഭാരത-ഭാഗ്യ-വിധാതാ,
പഞ്ചാബ്-സിന്ധു-ഗുജറാത്ത്-മറാഠാ
ദ്രാവിഡ-ഉത്കല-ബംഗാ,
വിന്ധ്യ-ഹിമാചല-യമുനാ-ഗംഗാ,
ഉച്ഛല-ജലധി-തരംഗാ,
തവ ശുഭ നാമേ ജാഗേ,
തവ ശുഭ ആശിഷ മാഗേ,
ഗാഹേ തവജയ ഗാഥാ,
ജന-ഗണ-മംഗല-ദായക-ജയഹേ
ഭാരത-ഭാഗ്യ-വിധാതാ.
ജയഹേ, ജയഹേ, ജയഹേ
ജയ ജയ ജയ ജയഹേ



# ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

THE CONSTITUTION OF INDIA

നമ്മൾ ഇന്ത്യയിലെ ജനങ്ങൾ,
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും
ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും
സാമ്പത്തികവും രാഷ്ട്രീയവുമായ നീതി,
ചിന്ത, ആശയാവിഷ്കാരം, വിശ്വാസം,
മതനിഷ്ഠ, ആരാധന എന്നിവക്കുള്ള സ്വാതന്ത്ര്യം,
സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള
സമത്വംഎന്നിവ ഉറപ്പുവരുത്തുന്നതിനും
വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും
അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം
എല്ലാവരിലും വളർത്തുന്നതിനും
ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവച്ച്
ഇന്ന്, 1949 നവംബർ ഇരുപത്തിയാറാം തീയ്യതി
ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിതന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.

**www.mm.kerala.gov.in**

Malayalam Mission App.

MALAYALAM MISSION

റേഡിയോ മലയാളം
www.radiomalayalam.in

http://learnmalayalam.in/



www.pookalam.kerala.gov.in

ഭൂമിമലയാളം
വാർത്താപത്രിക

https://www.facebook.com/MalayalamMissionKerala/

https://t.me/MalayalamMissionOfficial

https://twitter.com/MMKerala

https://www.youtube.com/c/MalayalamMission
https://www.youtube.com/Malayalam Mission Radio Malayalam